നം.ബി 2/4500/ 2010/ഡി.എം.ഇ **കേരള സർക്കാർ** മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
തിരുവനന്തപുരം
തീയതി 22-07-2010

## <u>വിജ്ഞാപനം</u>

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 19.07.2010 - ലെ ഉത്തരവിനു വിധേയമായി 2010..ലെ മെഡിക്കൽ പി.ജി. കോഴ്സിൽ ഒഴിവുള്ള 47 സീററുകളിലേയ്ക്കുള്ള കൗൺസലിംഗ് **<u>2010 ജൂലായ് മാസം 26</u>**<u>-ാം തീയതി രാവിലെ</u> **<u>10.30</u>** <u>മണിക്ക്</u>, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആഡിറേറാറിയത്തിൽ(old) വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

അതാതു സർവ്വീസ് ക്വാട്ടയിലെ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായവർക്കും, പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ കൗൺസലിംഗിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ നേരത്തെ അഡ്മിഷൻ കിട്ടിയ ശേഷം പഠനം തുടരുന്ന വിദ്യാർത്ഥികളെ ഈ കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല. ട്രാൻസ്ഫറും റീ അലോട്ട്മെന്റും ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത ദിവസം തന്നെ അലോട്ട്മെന്റ് കേന്ദ്രത്തിൽ വച്ചു അഡ്മിഷൻ എടുക്കേണ്ടതാണ്. അന്നേ ദിവസം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള എല്ലാ ഫീസും അലോട്ട്മെന്റ് കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള ബോണ്ടും, സർട്ടിഫിക്കറ്റുകളുടെ അസ്സലും അഡ്മിഷൻ നടത്തുന്ന ദിവസം തന്നെ നിശ്ചയമായും സമർപ്പിക്കേണ്ടതാണ്.

ഒഴിവുള്ള സീററുകളുടെ വിശദ വിവരം **"www.dme.kerala.gov.in"** എന്ന വെബ് സൈററിൽ ലഭ്യമായിരിക്കും. കൗൺസലിംഗിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, മേൽപ്പറഞ്ഞ വെബ് സൈററിൽ നിന്നും ഓപ്ഷൻ ഫാറത്തിന്റെ നിർദ്ദിഷ്ട രൂപം ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്.

അഡ്മിഷൻ എടുത്ത ശേഷം കോഴ്സ് വിട്ടിട്ട് പോകുന്നവർ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള നഷ്ടപരിഹാര തുക അടക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് **"www.dme.kerala.gov.in"** എന്ന വെബ് സൈററ് കാണുക

*ഒപ്പ്*
*ഡയറക്ടർക്കുവേണ്ടി*